# നാമ്പുകൾ



വി പി എസ് മലങ്കര എച്ച് എസ് എസ് വെങ്ങാനൂർ

വിദ്യാലയ ജീവിതത്തിൽ
ഇതൾവിരിയുന്ന സർഗ്ഗനാമ്പുകൾ
നാനാവിധവർണ്ണങ്ങൾ വാരിവിതറി
വിജ്ഞാനത്തിൻെറയും ഭാവനയുടെയും
ലോകത്തേയ്ക്ക്  നയിക്കുന്ന
അപൂർവ്വസുന്ദരമായ കാഴ്ചകൾക്ക് വി പി
എസും സാക്ഷിയാകുന്നു.
ലിറ്റിൽകൈറ്റ്സുകളുടെ
സാങ്കേതികനൈപുണിയിലൂടേ ഡിജിറ്റൽ
സൃഷ്ടികളായി ...........

വി പി എസ് മലങ്കര എച്ച്  എസ് എസ്  വെങ്ങാനൂർ

# ഉള്ളടക്കം


അച്ഛൻ 4
പ്രകൃതി 5
ബുദ്ധസന്യാസിയും
യുവാവും 6
പൂജ്യം 7
മനോഹരമായ സൗന്ദര്യം 8
ഒരു വരം 9
പാഴ് കിനാവ് 10
പൂമ്പാറ്റയെ സ്നേഹിച്ച
കുട്ടി 11
സ്വർണ തേങ്ങ 12
അച്ഛൻറെ വില 13
അമ്മുവും
ചക്കിപ്പൂമ്പാറ്റയും 14
എത്ര നാൾ ഞാൻ 15
എന്റെ ഒരു യാത്ര 16
കാത്തിരിപ്പ് 17
ഒരു പ്രളയത്തിൻറെ
വേദന 18
കടലിൻറെ അനുഭവം 19
കഠിനം 20
കൂട്ടുകാർ 21
വയനാടൻ യാത്ര 22
സ്നേഹിക്കാൻ മറന്ന
കാലം 23
സൗഹൃദം 24
കുറുക്കന്റെ ബുദ്ധി 25
ഏകാന്തതയുടെ
തുരുത്ത് 26
കൊടൈക്കനാലിലേക്ക് 27
നിഗൂഢലോകം 28
കൈനീട്ടം 30
ആദ്യത്തെഇലക്ട്രോണിക്
ചിപ്പ് 31
സ്നേഹത്തിലാണ് വില 32
മറക്കാനാകാത്ത ദിവസം 33
നിസ്വാർത്ഥ 34
മനസ്സിൽ പതിഞ്ഞത് 35
ചന്തുവിന്റെ കുടുംബം 36
കോമഡി കാർണിവൽ 37
നല്ലൊരു യാത്ര 38
സൂര്യകാന്തി 39

# അച്ഛൻ



അച്ഛനാണെൻെറ ജീവിതം
അച്ഛനാണെൻെറ ലോകവും
അച്ഛനാണെൻെറ ദൈവവും
അച്ഛനാണെന്റെ സ്വപ്നവും
അഛനില്ലാതെന്തു ജീവിതം
ഈ വീടും ഭൂമിയും നിറഞ്ഞ
ഹൃദയമാണെൻറെ അച്ഛൻ

ജെറിൻ പ്രകാശ്
8I

# പ്രകൃതി



നിറഞ്ജൻ

പച്ചപ്പും മനോഹാരിതയും ഒക്കെ
നിറഞ്ഞ ഒന്നാണ് നമ്മുടെ പ്രകൃതി
കിളികളുടെ കളകള ശബ്ദം
ആരവങ്ങളും പുഴകളുടെ ഒഴുക്കിന്റെ
ഭംഗിയും എല്ലാം കൊണ്ട്
നിറഞ്ഞതായിരുന്നു നമ്മുടെ പ്രകൃതി
എന്നാൽ ഇന്ന് കിളികൾക്ക്
കൂടുകൂട്ടാൻ ചില്ലകൾ വേണം എന്നുള്ള
വിചാരം പോലും ഇല്ലാതെ എല്ലാ
മരങ്ങളുംവെട്ടി നശിപ്പിച്ച് ഭംഗിയായി
ഒഴുകിയിരുന്ന പുഴകളിലും നദികളിലും
ഒക്കെ മാലിന്യങ്ങൾ കൊണ്ട്
കുത്തിനിറയ്ക്കുകയും തണലുകൾ
തന്നുകൊണ്ടിരുന്ന മരങ്ങളെയെല്ലാം
വെട്ടി നശിപ്പിച്ച് അവിടെയെല്ലാം
ഫാക്ടറികൾ ഒക്കെ നിർമ്മിച്ച നമ്മുടെ
പ്രകൃതി ആ ഉണർവ് എല്ലാം
നശിപ്പിച്ച് പ്രകൃതിയെ തന്നെ
മാറ്റിയിരിക്കുകയാണ്

# ബുദ്ധസന്യാസിയും യുവാവും

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു ബുദ്ധസന്യാസി ജീവിച്ചിരുന്നു. ഒരു ദിവസം ആ സന്യാസിയുടെ അടുത്ത് ഒരു യുവാവ് വന്നു, എന്നിട്ട് ആ യുവാവ് തന്റെ പ്രശ്നങ്ങൾ ആ ബുദ്ധസന്യാസിയോട് പറഞ്ഞു.

"അല്ലയോ സന്യാസി എന്റെയുള്ളിൽ അനാവശ്യ ചിന്തകൾ വന്നു കൂടിയിരിക്കുന്നു എനിക്ക് ഭയമാണ്, എനിക്ക് എന്തെങ്കിലും സംഭവിക്കുമെന്ന് ഉള്ള ഭയമുണ്ട്... ഇതിന് ഒരു പരിഹാരം പറഞ്ഞു തന്നാലും"

ഇത് കേട്ട് ചിരിച്ചതിനുശേഷം ബുദ്ധസന്യാസി പറഞ്ഞു "യുവാവേ എന്റെ കൂടെ വരൂ."



"ബുദ്ധസന്യാസി ആ യുവാവിനെയും കൂട്ടി നെൽപ്പാടത്തിലൂടെ നടക്കാൻ തുടങ്ങി എന്നിട്ട് ആ യുവാവിനോട് ഒരു നോക്കുകുത്തിയെ ചൂണ്ടിക്കാണിച്ചിട്ട് ഇങ്ങനെ ചോദിച്ചു "അല്ലയോ യുവാവേ, നീ ആ നോക്കുകുത്തിയെ കാണുന്നുണ്ടോ?" അതിന് യുവാവ് മറുപടി നൽകി "എനിക്ക് കാണാൻ സാധിക്കുന്നുണ്ട്" അപ്പോൾ ബുദ്ധസന്യാസി ചോദിച്ചു "അവിടെ എന്തിനാണ് അത് വെച്ചിരിക്കുന്നത് എന്ന് യുവാവിന് അറിയാമോ?" അപ്പോൾ യുവാവ് പറഞ്ഞു "അത് പക്ഷികളെ ഓടിക്കാൻ വെച്ചിരിക്കുന്നതാണ്." അപ്പോൾ ബുദ്ധസന്യാസി ചോദിച്ചു "അതിനു ജീവൻ ഉണ്ടോ?" ചിരിച്ചുകൊണ്ട് യുവാവ് പറഞ്ഞു "ഇല്ല അതിന് ജീവനില്ല അതിന് അനങ്ങാനും സാധിക്കുകയില്ല".അപ്പോൾ ബുദ്ധസന്യാസി ചോദിച്ചു "പിന്നെ എന്തിനാണ് ഈ നോക്കുകുത്തിയെ പക്ഷികൾ പേടിക്കുന്നത്?" അപ്പോൾ യുവാവ് പറഞ്ഞു "പക്ഷികൾക്ക് അറിയില്ലല്ലോ ഈ നോക്കുകുത്തിക്ക് ജീവനില്ല എന്നും അത് തങ്ങളെ ആക്രമിക്കില്ലെന്ന് അതുകൊണ്ടാണ് പക്ഷികൾ ആ നോക്കുകുത്തിയെ പേടിക്കുന്നത്".

അപ്പോൾ ബുദ്ധസന്യാസി പറഞ്ഞു "ഈ പക്ഷിയെ പോലെയാണ് നമ്മുടെ മനുഷ്യമനസ്സും, മനുഷ്യ മനസ്സിലെ അനാവശ്യ ചിന്തകൾ ആകട്ടെ ഈ നോക്കുകുത്തിയെ പോലെയാണ് ആ അനാവശ്യ ചിന്തകൾ കാരണം നമുക്ക് ഒന്നും സംഭവിക്കുന്നില്ല എന്നാൽ നാം അതിനെ പേടിക്കുന്നു. അനാവശ്യ ചിന്തകളെ നമുക്ക് പൂർണ്ണമായും മാറ്റിനിർത്താൻ സാധിക്കില്ല എന്നാൽ ഒരു പരിധി വരെ അതിനെ മാറ്റി നിർത്താൻ സാധിക്കും.

നവീൻ ൯ ഇ

# മനോഹരമായ സൗന്ദര്യം

ഞാനിവിടെ പങ്കുവയ്ക്കാൻ പോകുന്നത് എൻറെ ഒരു സന്തോഷകരമായ അനുഭവമാണ് ഞാനും ഞങ്ങളുടെ കുടുംബവും ഏഴാം ക്ലാസിലെ വെക്കേഷനിൽ കൊടൈക്കനാലിൽ പോയി കാറിലാണ് പോയത് അതുകൊണ്ടുതന്നെ എനിക്ക് പ്രകൃതിയുടെ മനോഹരമായ സൗന്ദര്യം ആസ്വദിക്കുവാൻ കഴിഞ്ഞു. അന്ന് എനിക്ക് പ്രകൃതിയുടെ സൗന്ദര്യം മാത്രമല്ല പ്രകൃതിയുടെ അർത്ഥവും എനിക്ക് മനസ്സിലായിരുന്നു അത്രമാത്രം ഭംഗിയേറിയതും മനോഹരമായതുമായിരുന്ന ദൃശ്യമായിരുന്നു അന്ന് ഞാൻ പ്രകൃതിയുടെ സൗന്ദര്യം കാണുക മാത്രമല്ല ശരിക്കും ഞാൻ അനുഭവിക്കുകയാണ് ചെയ്തത് ആ യാത്രയും അനുഭവവും കാഴ്ചയും എല്ലാം ഇപ്പോഴും എൻറെ മനസ്സിൽ ഉണ്ട് അത് ഒരിക്കലും എന്റെ മനസ്സിൽ നിന്ന് വിട്ടു പോവുകയില്ല എൻറെ ജീവിതത്തിൽ ഏറ്റവും മറക്കാൻ പറ്റാത്ത ഒരു അനുഭവം

## ഹൃദ്യ എസ് 8 എഫ്

# പൂജ്യം

ഒരു ദിവസം ഒരു ഗണിതശാസ്ത്രജ്ഞൻ സംഖ്യകളുടെ ഒരു സമ്മേളനം നടത്തി അതിൽ ഒന്നു മുതൽ 9 വരെയുള്ള എല്ലാ സംഖ്യകളും ഉണ്ടായിരുന്നു പക്ഷേ അതിൽ പൂജ്യം മാത്രം ഇല്ലായിരുന്നു അത് കണ്ടിട്ട് ഗണിതശാസ്ത്രജ്ഞൻ പറഞ്ഞു പൂജ്യത്തെ കണ്ടുപിടിച്ചു കൊണ്ടുവരാൻ അപ്പോൾ മറ്റു സംഖ്യകൾ എല്ലാം പൂജ്യത്തെ കണ്ടുപിടിക്കാൻ പോയി. അവർ ഒരു മരത്തിനു പിറകിൽ ഒളിച്ചിരുന്നു കരയുന്ന പൂജ്യത്തെ കണ്ടെത്തി അവർ പൂജ്യത്തെ ഗണിതശാസ്ത്രജ്ഞന് മുന്നിൽ സമർപ്പിച്ചു അപ്പോൾ ഗണിതശാസ്ത്രജ്ഞൻ പൂജ്യത്തോട് ചോദിച്ചു എന്തിനാണ് നീ കരയുന്നത് അപ്പോൾ 0 പറഞ്ഞു എനിക്ക് ഒരു വിലയും ഇല്ല എല്ലാവരും എന്നെ കളിയാക്കി അത് അതിനാലാണ് ഞാൻ കരഞ്ഞത് ഇത് കേട്ടതിനു ശേഷം ഗണിതശാസ്ത്രങ്ങൾ മറ്റു സംഖ്യകളോട് ചോദിച്ചു ഒന്നിന്റെ കൂടെ ഒരു പൂജ്യം ചേർത്താൽ എത്രയാണ് അപ്പോൾ എല്ലാ സംഖ്യകളും പറഞ്ഞു 10 എന്ന് പിന്നെയും ഗണിതശാസ്ത്രജ്ഞൻ ചോദിച്ചു ഒന്നിനോടൊപ്പം രണ്ടു പൂജ്യം ചേർത്താൽ എത്രയാണ് അപ്പോഴും എല്ലാ സംഖ്യകളും 100 എന്ന് ഉത്തരം നൽകി ഇത് കേട്ടതിനു ശേഷം ഗണിതശാസ്ത്രജ്ഞൻ പറഞ്ഞു 0 സംഖ്യകളുടെ കൂടെ ചേരുന്നത് കൊണ്ടാണ് ആ സംഖ്യകൾക്ക് വില കൂടുന്നത് അപ്പോൾ എല്ലാ സംഖ്യകൾക്കും പൂജ്യത്തിന്റെ വില മനസ്സിലായി

നവീൻ ആർ ഡി 9 E

# ഒരു വരം



മരം ഒരു വരം എന്ന് അറിയില്ലേ
മനുഷ്യാ നീ അത് മറക്കരുത്
ഹരിതം കനിവായി നൽകും
മരം ഒരു വരം എന്നറിയൂ നീ
ഒന്നു നന്നായി നീ മുറിക്കുന്നു
എന്തിനു നീയത് ചെയ്യുന്നു
വീടുകൾ പൊങ്ങുന്നു
എൻ കിളികൾ അങ്ങ് അലയുന്നു
മരം ഒരു വരം എന്നറിയില്ലേ
മനുഷ്യാ നീ അത് മറക്കരുത്
ഇനി വരും ഒരു തലമുറയ്ക്കായി
കരുതണം നീ മരമെല്ലാം
മരം ഒരു വരം എന്നറിയില്ലേ
മനുഷ്യാ നീയത് മറക്കരുത്

**അനന്ദൻ അഞ്ച്എ**

# പാഴ് കിനാവ്

അമ്മതൻ മടിയിൽ ചാഞ്ഞു കിടന്നു
ഞാൻ കണ്ട ഒരു സുന്ദര പാഴ് കിനാവ്
എന്തെന്ന് അറിഞ്ഞില്ല മിന്നി തിളങ്ങുന്നു
വെള്ളിനക്ഷത്ര കല്ലുപോലെ
ഞാനൊന്നു സൂക്ഷിച്ചു നോക്കി
അതിൽ കാണുന്നു വെള്ളം
മഴയുടെ വെള്ളത്തുള്ളികൾ കോർത്ത്
നയന സുന്ദര നീർ കുമിളകൾ
കാറ്റിനാൽ തെന്നി നീങ്ങുന്നത്
കരങ്ങളിൽ എത്ര മനോഹരം
കണ്ടു നിന്നിടുവാൻ പെട്ടെന്ന്
ഞാൻ ഉണരട്ടെ മാഞ്ഞുപോയി
എന്തെന്ന് അറിഞ്ഞാലും മറക്കില്ല
എൻ സ്വപ്ന സുന്ദര പാഴ്ക്കിനാവ്


അഭിനവ് ആർ വി
എട്ട് ഐ

# പൂമ്പാറ്റയെ സ്നേഹിച്ച കുട്ടി

വിശന്നു വലഞ്ഞ ചിന്നു പൂമ്പാറ്റ  എത്ര ചുറ്റി നടന്നിട്ടും ഒരു പൂ പോലും കണ്ടില്ല  ചിന്നു പൂമ്പാറ്റ വിശന്നു വിശന്നു പൂന്തേൻ തേടി നടന്നു  പെട്ടെന്നാണ് ചിന്നു പൂമ്പാറ്റ ആ കാഴ്ച കണ്ടത്  വീടിൻറെ മുന്നിൽ നിറയെ പൂക്കൾ  ചിന്നു ഒരു കുല പൂവിൽ നിന്ന് തേൻ കുടിക്കാൻ തുടങ്ങി  അപ്പോൾ അതാ വരുന്നു മിട്ടു കടന്നൽ  ചിന്നുവിനെ ഒറ്റക്കുത്ത്  പാവം ചിന്നു പൂമ്പാറ്റയുടെ കരച്ചിൽ കേട്ട് വീട്ടിലെ കുട്ടിയായ ഷാലു മോൾ ഓടി വന്നു  അവൾ ചിന്നുവിനെ എടുത്ത് ഒരു പൂവിൽ കിടത്തി  ചിന്നുവിന് ഒരു തുള്ളിതേൻ കൊടുത്തു  പൂമ്പാറ്റയ്ക്ക് പറക്കാൻ വയ്യ  അത് അറിയാതെ ഉറങ്ങിപ്പോയി  സന്ധ്യയായി പൂക്കളെല്ലാം അണയാറായി  പാവം ചിന്നു സന്ധ്യയായത് അവൾ അറിഞ്ഞതേയില്ല ശാലു മോൾ ചിന്നു പൂമ്പാറ്റയെ എടുത്ത് വീട്ടിനുള്ളിൽ കൊണ്ടുപോയി  ഒരു ബോക്സിലെ കുഞ്ഞു മെത്തയിൽ കിടത്തി എന്നിട്ട് അവൾ ഉറങ്ങാൻ പോയി

പിന്നെഎന്നും പൂമ്പാറ്റ ശാലുവിന്റെ പൂന്തോട്ടത്തിൽ

ചെന്ന് തേൻ കുടിക്കും  അങ്ങനെ അവർ വലിയ കൂട്ടുകാരായി  ഒരു ദിവസം പൂമ്പാറ്റ വന്നില്ല  അടുത്ത ദിവസവും വന്നില്ല  കുറേ ദിവസം കഴിഞ്ഞ് പൂമ്പാറ്റ ശാലു മോളെ കാണാൻ പോയി പക്ഷേ അവളെ അവിടെ കണ്ടില്ല  പൂമ്പാറ്റ വീട്ടിനുള്ളിലേക്ക് കയറി  എല്ലായിടത്തും തിരഞ്ഞു  അപ്പോഴാണ് പൂമ്പാറ്റയ്ക്ക് കാര്യം മനസ്സിലായത്  വീട്ടിലുള്ള എല്ലാവരും വീടു മാറി എവിടെയോ പോയിരിക്കുന്നു  കഴിഞ്ഞ കുറെ ദിവസങ്ങളിൽ ശാലു മോളെ കാണാൻ വരാത്തത് എന്തെന്ന് തനിക്ക് അവളോട് പറയാൻ കഴിഞ്ഞില്ലല്ലോ  പൂമ്പാറ്റ സങ്കടത്തോടെ പറന്നുപോയി



കൃഷ്ണ ബി കെ

ക്ലാസ് 5

# സ്വർണ തേങ്ങ

ഒരു മലയുടെ താഴ് വാരത്തായി ഒരു ചെറിയ ഗ്രാമം ഉണ്ടായിരുന്നു അവിടെ ഒരു എൽപി സ്ക്രൂളിലാണ് നമ്മുടെ കുഞ്ഞപ്പൻ പഠിക്കുന്നത് സ്ക്രൂളിലെ ഒരു പാവപ്പെട്ട കുട്ടിയാണ് കുഞ്ഞപ്പൻ കുഞ്ഞപ്പന്റെ അച്ഛൻ ഒരു തെങ്ങ് കയറ്റക്കാരനാണ് സ്ക്രൂളിൽ കുട്ടികൾ എല്ലാം കുഞ്ഞപ്പനെ പുഴുപ്പല്ലാ പുഴുപ്പല്ലാ എന്ന് കളിയാക്കിയാണ് വിളിക്കുന്നത് വീട്ടിൽ വന്നാൽ കുഞ്ഞപ്പൻ തേങ്ങാമുറി കരണ്ട് തിന്നാൻ തുടങ്ങും ഒരു നല്ല ഓണം വന്നാൽ അവൻറെ അച്ഛൻറെ കയ്യിൽ പണമില്ല നല്ല വസ്ത്രങ്ങൾ വാങ്ങാൻ കുഞ്ഞപ്പന്റെ ആവശ്യങ്ങൾ സാധിച്ചു കൊടുക്കാൻ തൻറെ അഛന്റെ കയ്യിൽ പണമില്ല തൻറെ ക്രൂട്ടുകാരെല്ലാം നല്ല വസ്ത്രങ്ങൾ ഇടുമ്പോൾ അവൻ മാത്രം പഴയ വസ്ത്രങ്ങൾ ഇട്ടു വിഷമിച്ചു നിൽക്കും ഒരു ദിവസം കുഞ്ഞപ്പന്റെ അച്ഛൻ തെങ്ങിൻ മണ്ടേയിലിരുന്ന് തന്റെ വിഷമങ്ങൾ എല്ലാം തെങ്ങിനോട് പറഞ്ഞു കരഞ്ഞു പറഞ്ഞ വിഷമങ്ങൾ കേട്ട് മരത്തിൽ നിന്ന് താഴെ ഇറങ്ങിയപ്പോൾ ഒരു തേങ്ങ ഇട്ടു കൊടുത്തു ആ തേങ്ങ പിടിച്ചെടുത്തു പൊതിച്ചു നോക്കിയപ്പോൾ ഒരു സ്വർണ തേങ്ങ അതുകൊണ്ട് ആ തേങ്ങ മുറികൾ അടച്ചു വച്ചിട്ട് പോയി പതിവുപോലെ കുഞ്ഞപ്പൻ സ്ക്രൂൾ വിട്ടുവന്ന് തേങ്ങ മുറികൾ കരണ്ട് തിന്നാൻ തുടങ്ങി കുറെ കഴിഞ്ഞപ്പോൾ കുഞ്ഞപ്പന്റെ പുഴുപ്പല്ല് മുഴുവൻ സ്വർണ്ണപ്പല്ലായി മാറി. പിന്നെ കുഞ്ഞപ്പൻ നാട്ടിലെ വലിയ പണക്കാരൻ ആയി മാറി ആ പണം കൊണ്ട് എല്ലാവരെയും സഹായിച്ചു അതിൽ പിന്നെ കുഞ്ഞപ്പൻ ആ നാടിന്റെയും സ്ക്രൂളിന്റെയും അഭിമാനമായി മാറി

ശരത് ചന്ദ്രൻ എട്ട് ഐ

# അച്ഛൻറെ വില

രാമപുരം എന്ന ഒരു സ്ഥലത്ത് വൃദ്ധനായ ഒരു വ്യക്തി ഒറ്റയ്ക്ക് താമസിച്ചിരുന്നു അയാൾ അനാഥനായിരുന്നില്ല അദ്ദേഹത്തിൻറെ മക്കളും ചെറുമക്കളും എല്ലാം വിദേശരാജ്യങ്ങളിൽ താമസിക്കുന്നു മകന് 10 വയസ്സും മകൾക്ക് അഞ്ചുവയസ്സും ഉണ്ടായിരുന്നപ്പോൾ അയാളുടെ ഭാര്യ ഒരു ആക്സിഡന്റിൽ മരിച്ചു വളരെ പണിപ്പെട്ട് മക്കളെ വളർത്തിയ അയാൾ വലുതാക്കി നന്നായി പഠിച്ച് വലുതായി വിദേശത്ത് പോയി ആദ്യമൊക്കെ മക്കൾ അച്ഛനെ എല്ലാദിവസവും കത്തയച്ചു വിശേഷങ്ങൾ ചോദിച്ചിരുന്നു ഒരുമാസം ഇങ്ങനെ തുടർന്നു പിന്നീട് കത്തയക്കൽ ആഴ്ച്ചയിൽ ഒരിക്കലായി പിന്നെ അയപ്പുനിന്നു അഞ്ചുവർഷം കഴിഞ്ഞപ്പോൾ മക്കൾ തിരിച്ചുവന്നു തങ്ങളുടെ അച്ഛനെ കാണുക അല്ലായിരുന്നു അവരുടെ ലക്ഷ്യം. സ്വത്ത് വീതം
വയ്ക്കുന്നതിനു വേണ്ടിയായിരുന്നു
അവർ വന്നത് അവ കണ്ടപ്പോൾ അച്ഛന്
വളരെ സന്തോഷം അ വിചാരിച്ചത്
തന്നെയും കെ വിദേശത്ത്
പോകുന്നു മ എന്നായിരുന്നു
അവർ അച്ഛനെ കാ കയറ്റി അച്ഛനെയും
കൂട്ടി സ്വത്തു പിരിക്കാ വേണ്ടി ആധാരം
എടുത്ത് ഓഫീസിലേക്ക് പോയി പങ്കുവച്ചതിനുശേഷം
അവിടത്തെ ഒരു വൃദ്ധസദനത്തിൽ കൊണ്ടുപോയി വിട്ടു വളരെയധികം അദ്ദേഹം വിഷമിച്ചു അവർ തിരിച്ചുപോയി ഒരു വർഷം കഴിഞ്ഞ് ആ വൃദ്ധസദനത്തിലേക്ക് അച്ഛനെ കാണാൻ വന്നു. അപ്പോൾ അവർ കണ്ടത് അച്ഛൻറെ കല്ലറയായിരുന്നു ഇത് കണ്ടവർ വിഷമിച്ചു തങ്ങളുടെ അച്ഛൻ മരിച്ചതിനുശേഷം അദ്ദേഹത്തെക്കുറിച്ച് ഓർത്തു അതിനു ശേഷം അവർ വിദേശത്ത് പോയില്ല അവർ നാട്ടിൽ തന്നെ താമസിച്ചു



**അഭിജിത്ത് 7 ഐ**

## അമ്മുവും ചക്കിപ്പൂമ്പാറ്റയും



നേരം പുലർന്നു അമ്മു രാവിലെ ഭക്ഷണം കഴിച്ച് ചിന്നു പാവയും കയ്യിലെടുത്ത് കളിക്കാൻ ഇറങ്ങി പോകുന്ന വഴിയിൽ അവൾ അവളുടെ സുഹൃത്തായ പൂമ്പാറ്റയെ കണ്ടു അമ്മു വിളിച്ചു ചക്കി നീ എങ്ങോട്ടാ ഇതാര് അമ്മുവോ കയ്യിൽ ഒരു പാവയും ഉണ്ടല്ലോ അമ്മു പറഞ്ഞു ചിന്നുവിനെ എനിക്ക് അച്ഛൻ വാങ്ങി തന്നതാ ഓ ചിന്നു വന്നപ്പോൾ ഞങ്ങളെ മറന്നു അല്ലേ ചക്കി ചോദിച്ചു എനിക്ക് പനിയായിരുന്നു അല്ല എങ്ങോട്ടാ അമ്മു ചോദിച്ചു ഞാൻ തേൻ കുടിക്കാൻ ഇറങ്ങിയതാ എനിക്കും തേൻ വേണം നിൻറെ അച്ഛനോട് പറഞ്ഞ് നീ തേൻ വാങ്ങിക്ക് ആ ഞാൻ അച്ഛനോട് പറയാം നമുക്ക് പോകാം മഴപെയ്യും വേഗം പോകാം സന്തോഷത്തോടെ അമ്മുവും ചക്കി പൂമ്പാറ്റയും വീട്ടിലേക്ക് മടങ്ങി

റാസ്മിയ സുൽത്താന
എട്ട് ഐ

# എത്ര നാൾ ഞാൻ



ശാന്തിനി എസ് എസ്

10 A

എത്രനാൾ കാത്തിരിക്കും നിൻ
സ്നേഹത്തുള്ളികൾക്ക് വേണ്ടി
ഞാൻ എന്നും  എന്നു നീ വരും
എന്നരികിൽ
എത്രനാൾ കാത്തിരിക്കും
ഈ ഭൂമി സ്നേഹത്തിനായി
ഭൂമിയുടെ ചൂട് മാറ്റാൻ നിനക്ക്
കഴിയും
നിൻ ജലത്തുള്ളികൾ
ലോകം മുഴുവൻ എത്രനാൾ
കാത്തിരിക്കും
ഒന്നു നിൻ സ്നേഹത്തോടെ
നടക്കുവാൻ
സ്നേഹത്തിനായി കാത്തിരിക്കുന്നു
കുരുന്നു ബാല്യങ്ങൾ പുത്തൻ കുട
ചൂടി നീ സ്കൂളിൽ
പോകുന്നതിലേക്കായി
ഇനിയും നീ വരാതിരുന്നാൽ
കർഷകർ നിൻ കണ്ണുനീർ
കാണും
എത്രയും വേഗം നീ വരിക
മഴയെ
എത്രനാൾ ഞാൻ കാത്തിരുന്നു
സ്നേഹ സ്പന്ദനത്തിനായി
ഇനിയും എത്രനാൾ
കാത്തിരിക്കണം
സ്നേഹ സ്പന്ദനത്തിനായി

# എന്റെ ഒരു യാത്ര

ഞാനെന്റെ ജീവിതത്തിൽ പോയ ഏറ്റവും നല്ല യാത്ര ഞാനും എൻറെ കൂട്ടുകാരുമായി ഏഴാംക്ലാസിൽ നിന്ന് പോയ യാത്ര സ്ക്കൂളിൽ നിന്ന് പോയ ഏറ്റവും നല്ലൊരു യാത്ര രാവിലെ 7 മണിക്ക് യാത്രയാരംഭിച്ചു സ്ക്കൂൾ ബസ്സിലായിരുന്നു ആദ്യം ഞങ്ങൾ മുടവൂർ പാറയിലേക്കാണ് പോയത് അവിടെ നിന്ന് ഞങ്ങൾ പ്രകൃതി ഭംഗി ആസ്വദിച്ചു അവിടെ ഇരുന്നാണ് ഞങ്ങൾ പ്രഭാത ഭക്ഷണം കഴിച്ചത് അതിനുശേഷം ഞങ്ങൾ ഹാപ്പി ലൈനിലേക്ക് പോയി പത്തുമണിയായപ്പോൾ ഞങ്ങൾ അവിടെ എത്തി യാത്രയ്ക്കിടയിൽ ഞങ്ങൾ വേറെ ക്ലാസിലെ കുട്ടികളുമായി സൗഹൃദത്തിലായി ഹാപ്പി ലാൻഡിലെ റൈഡുകളിൽ കയറി ഞങ്ങൾ ഒരുപാട് ആസ്വദിച്ചു വൈകുന്നേരം ബസ്സിൽ പാട്ടിട്ട് ഒരുപാട് വിളിച്ചു സ്ക്കൂളിലെത്തി

അനാമിക ബി എ 8 f

# കാത്തിരിപ്പ്

കാത്തിരിപ്പ് ഏകാന്തതയുടെ
ചുഴലിക്കൂടാണ് എല്ലാത്തിനും ഒരു
അവസാനമുണ്ട് കാത്തിരിപ്പിന്റെ വേദന
കാത്തിരിപ്പിന്റെ കണ്ണുനീർ ഒഴുകുന്നു
നിൻറെ കണ്ണിൽ അയാൾക്കറിയില്ല
നിൻറെ വേദന ഓരോ നാഴിക കൂടുംതോറും
ദിവസം കൂടുന്തോറും നിൻറെ കാത്തിരിപ്പ്
അവസാനം ഇല്ലേ നിഴൽ പോലും
അറിഞ്ഞില്ല നിൻറെ കാത്തിരിപ്പ് നിൻറെ
നിഴൽ മഞ്ഞു വേദന കണ്ണുനീരായി ഒഴുകുന്നു
നക്ഷത്രങ്ങൾ നിന്നോട് ചോദിച്ചില്ലേ
ഇതിന് അവസാനമില്ലേ എന്ന് നീ എത്ര
മറഞ്ഞാലും ആ കാത്തിരിപ്പ് ഞാൻ
മറക്കില്ല നിന്നിൽ എത്രമാത്രം സ്നേഹം
ഞാൻ കണ്ടു ഇത്രമാത്രം നിന്നെ ഞാൻ
കാത്തിരുന്നു

ആര്യ നന്ദൻ ഒമ്പത് ഡി

# ഒരു പ്രളയത്തിൻറെ വേദന

## 2018ൽ ഉണ്ടായ പ്രളയത്തിൽ അകപ്പെട്ടുപോയ ഒരു ബാലന്റെ കഥ

2018ൽ ഉണ്ടായ പ്രളയം പെട്ടെന്നുണ്ടായ ഉരുൾപൊട്ടൽ വെള്ളപ്പൊക്കം ആരും അറിഞ്ഞിരുന്നില്ല അപ്പോൾ ആ ദുരന്തത്തിൽപ്പെട്ട നിരവധി ആളുകളെയും വീടുകളെയും വെള്ളം കൊണ്ടുപോയി. ആ ബാലന്റെ അച്ഛനും അമ്മയും മഴവെള്ളപ്പാച്ചിലിലൂടെ ഒഴുകിപ്പോയി ബാലൻ ഉരുൾപൊട്ടൽ ഇടയിൽ അകപ്പെട്ടുപോയിരുന്നു. എല്ലാം കഴിഞ്ഞപ്പോൾ അവൻ മാത്രം അവസാനിച്ചു തന്റെ അച്ഛനും അമ്മയും നഷ്ടപ്പെട്ട വേദനയിൽ ആ കുട്ടി അനുഭവിച്ച മനോദുഃഖം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ് തന്റെ അച്ഛനും അമ്മയും നമ്മുടെ കൂടെ ഉള്ളപ്പോഴാണ് നമുക്ക് സന്തോഷം നമ്മുടെ അച്ഛൻ അമ്മമാരാണ് നമ്മുടെ വിജയത്തിലും സന്തോഷത്തിലും കൂടെ നിൽക്കുന്നത് കൂടെ സന്തോഷിക്കുന്നത് ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി ഓരോ വീടു തോറും അവൻ കയറിയിറങ്ങി ഓരോരുത്തരും അവനെ ഓടിച്ചു വിടുന്നതല്ലാതെ അവനു വേണ്ട സൗകര്യങ്ങൾ ചെയ്യുന്നത് ചെയ്യുന്നില്ല ശാസിച്ചു വേദനിപ്പിച്ചു ഓടിച്ചു ഒരു വീട്ടിലും കയറ്റുന്നില്ല അവൻ ഓരോരുത്തരുടെയും മുമ്പിൽ ഒരു നേരത്തെ ഭക്ഷണത്തിന് യാചിച്ചു അവൻ ചിന്തിച്ചു അമ്മയും ഉണ്ടായിരുന്നുവെങ്കിൽ എനിക്ക് ഈ ഗതി വരില്ലായിരുന്നു അവൻ ആ ബാലൻ തന്റെ അച്ഛനമ്മമാർ പോയ സ്ഥലത്തേക്ക് തന്നെ യാത്രയായി ഈ ലോകം വിട്ട്

പ്രജിത്ത് പി ഡി ഒമ്പത് സി



# കടലിൻറെ അനുഭവം

ഞാനും എൻറെ അച്ഛനും കൂടി ഒരു ദിവസം കടല് കാണാൻ പോയി അവിടെ നല്ല മനോഹരമായ പൂക്കൾ ഉണ്ടായിരുന്നു എനിക്ക് ഏറ്റവും അതിൽ ഇഷ്ടമുള്ള പൂവായിരുന്നു ശങ്കുപുഷ്പം അവിടെ ശങ്കുപുഷ്പം വിരിഞ്ഞു നിൽക്കുന്നത് കാണാൻ എന്തു ഭംഗി? നിറച്ച് ആളുകൾ നിൽക്കുന്നു ഞാനും അച്ഛനും കടലിന്റെ ഒരുവശത്ത് നിന്നു  തിരമാല വരുന്നതും ആളുകൾ കടലിൽ കുളിക്കുന്നതും കുട്ടികൾ മണ്ണിൽ പലപല രൂപങ്ങൾ ഉണ്ടാക്കിക്കൊണ്ടു നിൽക്കുന്നതും കണ്ടപ്പോൾ എനിക്കും കടൽ ഇറങ്ങാൻ തോന്നി ഞാൻ എൻറെ അച്ഛനോട് പറഞ്ഞപ്പോൾ അച്ഛനെന്നെ കൊണ്ടുപോയില്ല ഞാൻ ബഹളം വച്ചു. കുറച്ചുനേരം അച്ഛനെന്നെ കടലിലേക്ക് കൊണ്ടുപോയി കളിപ്പിച്ചു. എന്ത് രസമായിരുന്നു പെട്ടെന്ന് ഒരു തിരമാല വന്നു ഞാനും എൻറെ അച്ഛനും പേടിച്ചുപോയി ഞാൻ കടലിൽ മലയാള അക്ഷരമാലകൾ എഴുതി  പെട്ടെന്നൊരു തിരമാല അതിനെ അഴിച്ചിട്ടു ഞാൻ നോക്കിയപ്പോൾ അക്ഷരങ്ങൾ കാണാനില്ല അപ്പോൾ അച്ഛൻ പറഞ്ഞു തിരമാല വന്ന് അഴിച്ചതാണ് എന്ന്  ഞാൻ അതിശയിച്ചു ഞങ്ങൾ കടലിൽ നിന്ന് ദൂരേക്ക് പോയി. അവിടെ ഉപ്പിലിട്ട മാങ്ങയും നെല്ലിക്കയും അച്ഛൻ വാങ്ങിത്തന്നു. അവിടെ നിരനിരയായി നല്ല നല്ല കളിപ്പാട്ടങ്ങളും നിറയെ പാവകളും കളിവണ്ടികളും ഉണ്ടായിരുന്നു എനിക്ക് കളിക്കാനുള്ള ഉപകരണങ്ങൾ എല്ലാം അച്ഛൻ വാങ്ങിത്തന്നു ഞങ്ങൾ തിരിച്ച് വീട്ടിലേക്ക് പോയി ഇതെനിക്ക് മറക്കാൻ പറ്റാത്ത അനുഭവമാണ് എൻറെ കടൽ അനുഭവം

രുദ്രാഞ്ജന എ ഡി 5 ഇ



# കഠിനം

ശത്രുക്കളെ അത്രമേൽ
ഭയക്കേണ്ടതില്ല
എന്നോ മരിച്ചുപോയ
പാവങ്ങളാണ്
കഠിനമായ സ്നേഹിക്കുന്നവർ
അങ്ങനെയല്ല
പേടിക്കണം
എപ്പോഴാണ് അവർ
നമ്മളെ ഉപേക്ഷിച്ചു കൊല്ലുക
എന്ന് പറയാനാവില്ല

മിത്ര കൃഷ്ണ
എട്ട് എ

# കൂട്ടുകാർ

കൂട്ടുകൂടാനായി കൂട്ടുകാർ
കൂട്ടം കൂടാനായി കൂട്ടുകാർ
കളികൾ പറഞ്ഞും കളിച്ചും ചിരിച്ചും
കണ്ണിന് കുളിർമയായ് കൂട്ടുകാർ
കൂട്ടുകാരെ നിങ്ങൾ കൂട്ടുകൂടൂ
നല്ലവാക്കോതാൻ നല്ലതു ചിന്തിക്കാൻ
നന്മ ലോകത്തിനേകാൻ അഭിമാനമാകാൻ
കൂട്ടുകൂടി കളിക്കൂ സന്തോഷിക്കൂ
വഴിതെറ്റാതെ നടക്കൂ നിങ്ങൾ
നിങ്ങളെ സ്നേഹിക്കും കൂട്ടുകാരേയും
ചതിയരാം കൂട്ടുകാരെയും തിരിച്ചറിയൂ
തിരഞ്ഞെടുക്കൂ നല്ല കൂട്ടുകാരെ.

അതുൽ ഹരി ൯ B

# വയനാടൻ യാത്ര

വയനാട് തിരുനെല്ലി ക്ഷേത്രത്തിൽ അപ്പയ്ക്ക് ബലിയിടാൻ വേണ്ടിയാണ് പോയത് ഡിസംബർ 15ന് ഞങ്ങൾ പോയി തിരുവനന്തപുരം കോഴിക്കോട് വരെ ട്രെയിനും അത്കഴിഞ്ഞ് ബസ്സിലുമാണ് പോയതന്നല്ലൊരു അനുഭവമായിരുന്നു കുറേ വർഷങ്ങൾക്ക് ശേഷമുള്ള ഒരു ട്രെയിൻ യാത്ര കോഴിക്കോട് ചെന്നിട്ട് മാനന്തവാടി ബസ്സിൽ കയറി അവിടെനിന്ന് വയനാട് പോകുന്ന വഴിയിൽ ഇഷ്ടപ്പെട്ടത് ഹെയർപിൻ വളവാണ് വളവുകളുണ്ടായിരുന്നു നല്ല കാഴ്ചകളായിരുന്നു ബസ്സിൽ പോയപ്പോൾ പ്രകൃതിമനോഹരമായ കുന്നിൻ ചെരുവും മലമൂടപ്പെട്ടതും പോകുന്ന വഴിയിൽ മാനിനെയും കുരങ്ങിനേയും ആനയെയും കാട്ടുപോത്തിനെയും കണ്ടതും ഒക്കെ ഒരു അനുഭവമായിരുന്നു ഒരു ആനയും കുട്ടിയും കൂടി റോഡിൻറെ സൈഡിൽ വന്ന് നിൽക്കുകയായിരുന്നു അത് കാണാൻ തന്നെ മനോഹരം കുട്ടികളെ ചേർത്തുനിർത്തി സംരക്ഷിക്കുന്ന അമ്മ രാത്രി ആയതിനാൽ കുറച്ചു പേടിയുണ്ടായിരുന്നു തിരുനെല്ലിയിൽ എത്തിയിട്ട് അവിടെ ഒരു റൂമെടുത്ത് ഞങ്ങൾ താമസിച്ചു രാത്രി നല്ല തണുപ്പ് രാവിലെ കുളിച്ച് ക്ഷേത്രദർശനവും ബലിയും ഇട്ട് അവിടെനിന്ന് ഭഗവാന്റെ പ്രസാദവും കഴിച്ച് തിരിച്ചു റൂമിൽ വന്നു അവിടെ കുറെ ഐതിഹ്യം ഉള്ള കഥകൾ ഉണ്ടായിരുന്നു റൂമിന്റെ ബാൽക്കണിയിൽ വന്നപ്പോൾ കുറച്ചു കുരങ്ങന്മാർ വന്നു. എല്ലാവരും പേടിച്ചുപോയി. പിന്നെ ഞങ്ങളുടെ കൈയിൽ ഉണ്ടായിരുന്ന പഴവും കപ്പലണ്ടിയും ഇട്ടുകൊടുത്തു അത് നല്ലൊരു അനുഭവം പിന്നെ അവിടത്തെ ഒരു പുഴയിൽ പോയി കുളിച്ചു നല്ല തണുത്ത വെള്ളം പ്രകൃതിരമണീയമായ സ്ഥലം നാട്ടുകാരും ആദിവാസി സ്ത്രീകളും

നല്ല സഹകരണം നമ്മൾ പുഴയിൽ കുളിക്കുമ്പോൾആദിവാസി സ്ത്രീകൾ കുട്ടികൾക്കുള്ള യൂണിഫോം കഴുകുന്നുണ്ടായിരുന്നു നമ്മൾ അവിടെ കുറെ ചുറ്റിക്കറങ്ങി പ്രകൃതിരമണീയമായ സ്ഥലം വയനാട് ഇനിയും അവിടെ പോണം എന്ന് ആഗ്രഹം നല്ല തണുപ്പ് നല്ല അന്തരീക്ഷം വയനാട്ടിലെ തന്നെ കുറെ ഫ്രൂട്ട്സ് കുരുമുളക് എല്ലാം വാങ്ങി കോഫി കൃഷിയാണ് അവിടെ കൂടുതലായി ഞങ്ങൾ കണ്ടത് ഇനി ഏറ്റവും ഇഷ്ടപ്പെട്ടത് മുളയരി പായസമാണ് നമ്മൾ അവിടുന്ന് പുറപ്പെട്ടു വരികയും അവിടന്ന് മിഠായി തെരുവ് സന്ദർശിക്കുകയും ചെയ്തു കോഴിക്കോട് ബീച്ച് അത് കണ്ടു അതൊരു വികാരം പിന്നെ ഭക്ഷണം ഒക്കെ കഴിച്ച് അവിടുന്ന് ട്രെയിൻ കയറി തിരുവനന്തപുരത്ത് എത്തി അവിടെന്ന് ബസ്സിൽ വീട്ടിലേക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവം വയനാട് യാത്ര കാട്ടിന്റെ ഇടയിൽ നിന്ന് ഏർപ്പിൻ യാത്രയും മൂടൽമഞ്ഞിന്റെ തണുപ്പും എല്ലാം വളരെ മനോഹരം .

**ധനലക്ഷ്മി**
**8 എഫ്**

# സ്നേഹിക്കാൻ മറന്ന കാലം

മാനവികതകൾ സ്വന്തം
ആവശ്യങ്ങളെ സ്നേഹിക്കുന്ന
കാലം
പെറ്റമ്മ ജീവനുതുല്യമായി
സ്നേഹിക്കുന്ന മക്കളെ
വെറുത്തുപേക്ഷിക്കുന്ന കാലം
കാപട്യ സ്നേഹത്തെ തേടുന്ന
കാലം
സത്യത്തെ സ്നേഹിക്കാത്ത
കാലം
സത്യം തോൽക്കുന്ന കാലം



സിയോണ 8 ഐ

# സൗഹൃദം

ഒരിക്കൽ രണ്ടു കൂട്ടുകാർ മരുഭൂമിയിലൂടെ നടന്നു പോവുകയായിരുന്നു അവർ അങ്ങോട്ടുമിങ്ങോട്ടും സംശയങ്ങൾ ചോദിച്ചാണ് നടക്കുന്നത് ആ യാത്രക്കിടയിൽ അവർ തമ്മിൽ ഒരു തർക്കമുണ്ടായി തുടർന്ന് ഒരു കൂട്ടുകാരൻ മറ്റേ കൂട്ടുകാരൻറെ മുഖത്തടിച്ചു അടികൊണ്ട് കൂട്ടുകാരന് ഒരുപാട് വേദനിച്ചു എങ്കിലും അവൻ ഒന്നും പറഞ്ഞില്ല പകരം അവൻ മരുഭൂമിയിലെ മണലിൽ എഴുതി ഇന്നെൻറെ പ്രിയ കൂട്ടുകാരൻ എന്റെ മുഖത്തടിച്ചു അവർ വീണ്ടും യാത്ര തുടർന്നു യാത്രയ്ക്കിടയിൽ ദാഹിച്ചു വലന്ന അവർക്ക് ഒരു മരുപ്പച്ച കണ്ടുപിടിക്കാൻ സാധിച്ചു അങ്ങനെ അവർ രണ്ടുപേരും അതിൽനിന്ന് വെള്ളം കുടിക്കാൻ ഇറങ്ങി അപ്പോൾ ആദ്യത്തെ അടികൊണ്ട കൂട്ടുകാരൻ ഒരു ചെളി കുഴിയിൽ മുങ്ങാൻ തുടങ്ങി എന്നാൽ അവൻറെ പ്രിയ കൂട്ടുകാരൻ അവനെ കഷ്ടപ്പെട്ട് രക്ഷിച്ചു രക്ഷപ്പെട്ട കൂട്ടുകാരൻ അവിടെ കണ്ട ഒരു കല്ലിൽ എഴുതി ഇന്നെൻറെ പ്രിയ കൂട്ടുകാരൻ എന്റെ ജീവൻ രക്ഷിച്ചു അവനെ അടിച്ചതും അവന്റെ ജീവൻ രക്ഷിച്ചതുമായ കൂട്ടുകാരൻ അവനോട് ചോദിച്ചു ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീയത് മണലിൽ എഴുതി പക്ഷേ ഇപ്പോൾ ഞാൻ നിൻറെ ജീവൻ രക്ഷിച്ചപ്പോൾ എന്തുകൊണ്ടാണ് നീ അത് കല്ലിൽ എഴുതിയത് കൂട്ടുകാരൻ മറുപടി പറഞ്ഞു ആരെങ്കിലും നമ്മെ വേദനിപ്പിച്ചാൽ അത് നമ്മൾ മണ്ണിൽ എഴുതണം ക്ഷമയാകുന്ന കാറ്റു വന്നു നാം എഴുതിയതിനെ മായ്ച്ചു കൊണ്ടുപോകും. എന്നാൽ ആരെങ്കിലും നമ്മൾക്ക് നല്ല കാര്യങ്ങൾ ചെയ്താൽ അത് നമ്മൾ കല്ലിൽ എഴുതണം ഒരിക്കലും മാഞ്ഞു പോകാത്ത വിധം

ശ്രേയ പത്ത് എ

****

# കുറുക്കന്റെ ബുദ്ധി



പണ്ടൊരു കാട്ടിൽ ഒരു കുറുക്കൻ ഉണ്ടായിരുന്നു. ഒരു ദിവസം കുറുക്കൻ കാട്ടിലൂടെ നടക്കുമ്പോൾ വല്ലാതെ ദാഹിച്ചു  ഉടൻ തന്നെ അടുത്ത് കണ്ട ആഴം കുറഞ്ഞ ഒരു കിണറ്റിൽ വെള്ളം കുടിക്കാൻ ഇറങ്ങി  വെള്ളം കുടിച്ചു കഴിഞ്ഞ് കുറുക്കൻ തിരിച്ചു പോകാൻ ശ്രമിച്ചു  എന്നാൽ തിരിച്ചു പോവാനുള്ള ഒരു വഴിയും കണ്ടില്ല  അപ്പോഴാണ് അതുവഴി ഒരാട് വന്നത്  കുറുക്കനോട് വെള്ളം എങ്ങനെയുണ്ട് എന്ന് ആട് ചോദിച്ചു  അപ്പോൾ കുറുക്കൻ പറഞ്ഞു ഞാൻ ഇതുവരെ കുടിച്ചതിൽ ഏറ്റവും നല്ല വെള്ളം  അത് കേട്ട് തന്നെ ആട് കിണറ്റിലേക്ക് ചാടി അപ്പോൾ കുറുക്കനാടിന്റെ പുറത്ത് ചാടി കിണറ്റിന്റെ പുറത്തേക്ക് ചാടി കുറുക്കൻ രക്ഷപ്പെട്ടു  കുറുക്കന്റെ ചതി മനസ്സിലായ ആട് തന്നെ രക്ഷിക്കാനായി കുറുക്കനോട് അപേക്ഷിച്ചു എന്നാൽ കുറുക്കൻ പറഞ്ഞു നീ ഒരു പരിചയം ഇല്ലാത്ത എന്നെ എന്തിനാണ് വിശ്വസിച്ചത്  എന്റെ ജീവൻ തിരിച്ചുകിട്ടിയത് തന്നെ ഭാഗ്യം  എനിക്ക് നിന്നെ രക്ഷിക്കാൻ ഒന്നും സമയമില്ല  നിനക്ക് കഴിയുമെങ്കിൽ സ്വയം രക്ഷപ്പെട്  ഇതും പറഞ്ഞു കുറുക്കൻ പോയി. പിന്നീട് അതുവഴി വന്ന ഒരു കരടി ആടിനെ രക്ഷപ്പെടുത്തി. ആട് കുറുക്കന്റെ ചതി കരടിയോട് പറഞ്ഞു  നമ്മൾ ഒരിക്കലും നമുക്ക് അറിയാത്തവരെ വിശ്വസിക്കരുത്  അതിനുശേഷം ആട് പരിചയമില്ലാത്ത ആരെയും വിശ്വസിച്ചിട്ടില്ല

സനുഷ് 8 എഫ്

## ഏകാന്തതയുടെ തുരുത്ത്

വളരെ ഏറെക്കാലം ജോലിക്കായി കഷ്ടപ്പെട്ടിട്ടാണ് അശോകന് ഒരു ജോലി ശരിയായത് തന്റെ ഭാര്യക്ക് ജോലി ലഭിച്ചിരുന്നു ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥയാണ് രമ്യ ജോലി തിരക്ക് കാരണം അവരുടെ മകൻ ഉണ്ണിയെ ശ്രദ്ധിക്കാൻ അവർക്ക് കഴിഞ്ഞില്ല അപ്പൂപ്പൻ അമ്മൂമ്മമാരുടെ വീട് ഒത്തിരി ദൂരെയാണ് ഇവർ മൂന്നുപേരും താമസിക്കുന്നത് ഒരു നാട്ടിൻപുറത്ത് ആണെങ്കിൽ പോലും ഒരു സിറ്റി ജീവിതം പോലെ ആയിരുന്നു ഇവരുടെ ജീവിതം ഉണ്ണി ആകെ സമാധാനത്തിനും സന്തോഷത്തിനും ഇരിക്കുന്നത് അവൻറെ സ്ക്കൂളിലാണ് എന്തെന്നാൽ വീട്ടിൽ അവൻറെ അടുത്ത് കളിക്കാൻ ആരുമില്ല ജോലി കഴിഞ്ഞ് വീട്ടിൽ വന്നാലും അവർ ഫോണിൽ ഏർപ്പെട്ടിരിക്കും ഒരു ദിവസം അവൻ അമ്മയോട് പറഞ്ഞു അമ്മയെ അമ്മയെ എന്ന് ടീച്ചർ പറഞ്ഞു നിങ്ങളുടെ ചുറ്റുപാടിനെ കുറിച്ച് ഒരു കവിത എഴുതാൻ എനിക്ക് എങ്ങനെയാണ് കവിത എഴുതേണ്ടത് എന്ന് അറിയില്ല അപ്പോൾ അമ്മ പറഞ്ഞു നീ ഇത്രയും വലുതായി പിന്നെ എന്തുകൊണ്ട് കവിത എഴുതാൻ അറിയില്ല ഇത് കേട്ട് ഉണ്ണി വിഷമമായി സ്ക്കൂൾ അവധിക്കാലത്ത് പോലും അവന് ഇഷ്ടമുള്ള സ്ഥലങ്ങളിൽ അവന്റെ അച്ഛനും അമ്മയും കൊണ്ടുപോയില്ല അവർ ജോലിക്ക് പോകുമ്പോൾ അവൻ വീട്ടിൽ ഒറ്റയ്ക്ക് ആരുമില്ലാതെ ഇരുന്നു വിഷമം കൊണ്ട് അവൻറെ മുഖം കറുത്തു. ഹ അങ്ങനെയിരിക്കെ അവന് അവന്റെ അപ്പൂപ്പനെയും അമ്മൂമ്മയെയും കണ്ടു സഹിയില്ലാതെ അവൻ അവരോടൊപ്പം പോയി എന്നാൽ അവൻ പോയ വിവരം അറിഞ്ഞു അവൻറെ അച്ഛനും അമ്മയും അവന് അവരിൽ നിന്ന് അകറ്റി പറിച്ചു കൊണ്ടുവന്നു അതിയായി വിഷമം ഉണ്ടാവാൻ ഏകാന്തതയിലേക്ക് മുഴുകി



ഗൗരി സുധീഷ് 9 എഫ്

# കൊടൈക്കനാലിലേക്ക്

ഞാനും ഞങ്ങളുടെ കുടുംബവും ഏഴാംക്ലാസിൽ വെക്കേഷനിൽ കൊടേക്കനാൽ പോയി കാറിലാണ് പോയത് അതുകൊണ്ടുതന്നെ എനിക്ക് പ്രകൃതിയുടെ മനോഹരമായ സൗന്ദര്യം ആസ്വദിക്കാൻ കഴിഞ്ഞു. അന്നെനിക്ക് പ്രകൃതിയുടെ സൗന്ദര്യം മാത്രമല്ല പ്രകൃതിയുടെ അർത്ഥവും മനസ്സിലായി അത്രമാത്രം ഭംഗിയേറിയതും മനോഹരം ആയതുമായ ദൃശ്യമായിരുന്നു അന്ന് ഞാൻ പ്രകൃതിയുടെ സൗന്ദര്യം കാണുക മാത്രമല്ല അനുഭവിക്കുകയാണ് ചെയ്തത് ആ യാത്രകൾ അനുഭവങ്ങൾ കാഴ്ചകൾ എല്ലാം ഇപ്പോഴും എന്റെ മനസ്സിലുണ്ട് അത് ഒരിക്കലും എന്റെ മനസ്സിൽ നിന്ന് വിട്ടു പോവുകയില്ല ജീവിതത്തിലെ ഏറ്റവും മറക്കാനാകാത്ത ഒരു അനുഭവം

ഹൃദ്യ
8 ഐ

# നിഗൂഢലോകം

മങ്ങിയവെളിച്ചമുള്ള നോയർ ഹേവൻ നഗരത്തിൽ ന[illegible] രഹസ്യങ്ങളും ഇടവഴികളും മറച്ചുവെക്കുന്ന നിഗൂഢതകളും ഡിക്ടറ്റീവ് അലക്സ് മെർസർ നിഗൂഢാലോചനകളുടെ വലയിൽ കുടുങ്ങിയതായി കണ്ടെത്തി. ഞെട്ടിക്കുന്ന കൊലപാതകങ്ങളുടെ ഒരു പരമ്പര ഓരോന്നും ഇരുട്ടിന്റെ മറവിൽ ആദരണം ചെയ്തു,നഗരത്തെ ഭയത്താൽ പിടിക്കൂടി, സംശയിക്കാതെ നിവാസികളുടെ നട്ടെല്ലിൽ വിറയൽ ബാധിച്ചു.

മെർസർ അന്വേഷണത്തിലേക്ക് ആഴ്ന്നിറങ്ങിയപ്പോൾ ഇരകളെ ബന്ധിപ്പിക്കുന്ന ഒരു നിഗൂഢ മാതൃക അദ്ദേഹം കണ്ടെത്തി - എല്ലാവരും "ദി വെയിൽ "എന്നറിയപ്പെടുന്ന ഒരു രഹസ്യ സംഘടനയിലെ പ്രമുഖനായിരുന്നു. അടഞ്ഞ വാതിലുകൾക്ക് പിന്നിലുള്ള നഗരത്തിന്റെ അധികാര കുത്രിമം കാണിച്ചുകൊണ്ട് ഒളിഞ്ഞിരിക്കുന്ന സംഘം നിഴലുകളിൽ പ്രവർത്തിച്ചു.

സത്യാന്വേഷണം അവനെ വഞ്ചനയുടെ ഒരു ലേബരിറ്റിയിലൂടെ നയിച്ചു, അവിടെ ഒന്നും തോന്നിയതുപോലെ ഇല്ല.തന്റെ പങ്കാളിയായ ഡിറ്റക്റ്റീവ് എമാ ലോസണിനൊപ്പം മെർസർ തെറ്റായ ലീഡുകളുടെ ഒരു വഞ്ചനാപരമായ ലാൻഡ്സ്‌ നാവിഗേറ്റ് ചെയ്തു ഓരോ ചുവടും അവരെ രസകരമായ ഒരു വെളിച്ചത്തിലെ അടുപ്പിച്ചു.

" വിസ്പർ "എന്ന് മാത്രം അറിയപ്പെടുന്ന ഒരു നിഗൂഢ വിവരദാതാവ്, നഗരത്തിന്റെ അധോലോകത്തിന്റെ ആഴങ്ങളിൽ നിന്ന് ഉയർന്നുവന്നു. കൊലപാതകങ്ങൾ ആസൂത്രണം ചെയ്യുന്ന ഒരു ദുഷ്ട ശക്തിയെ കുറിച്ച് സൂചന നൽകുന്നു നിഗൂഢ സൂചനകൾ നൽകി. നിഗൂഢമായ പ്രഹേളികയാൽ വേട്ടയാളപ്പെട്ട ഡിക്ടറ്റീവുകൾ കൊലപാതകങ്ങൾക്ക് പിന്നിലെ സൂത്രാദാരണ കണ്ടെത്താനും നോയർ ഹെവനെ പിടിക്കൂടിയ ഭീകര വാഴ്മക്ക് അറുതി വരുത്താനും സമയത്തിനെതിരെ ഓടി.

അന്വേഷണം ഊർജ്ജിതമാക്കിയപ്പോൾ നഗരത്തിന്റെഘടനയിൽ നെയ്തെടുത്ത അഴിമതികളുടെ ഒരു വല മെർസറും ലോസണും

കണ്ടെത്തി.വെയിൽ ഒരു സംഘടന മാത്രമല്ല അതിന്റെ പൗരന്മാരുടെ വിധി കൈകാര്യം ചെയ്യുന്ന ഒരു പാവയാണെന്ന് തോന്നി. വിശ്വാസവഞ്ചനകളും കൂട്ടുകെട്ടുകളും നിഴലുകൾ പോലെ മാറി. ഡിക്ടിവുകൾ അവരോട് ഏറ്റവും അടുത്തവരുടെ വിശ്വസ്തതയെ ചോദ്യം ചെയ്തു.


ഹൃദയസ്പർശിയായ ഒരു ക്ലൈമാക്സിൽ വളച്ചൊടിച്ച നീതിബോധത്താൽ നയിക്കപ്പെട്ട ഒരു മുൻ സഖ്യകക്ഷി കൊലപാതകങ്ങളുടെ യഥാർത്ഥ ഓർക്കാസ്ട്രേറ്ററെ നേരിട്ട് നോയർ ഹെവിന്റെ ഹൃദയഭാഗത്ത് ഒരു പിരിമുറുക്കമുള്ള സംഘർഷം ഉടലെടുത്തു അവിടെ ഡിക്ടറ്റീവിന് ധാർമിക അവ്യക്തതയുടെ ഒരു ഭ്രമണപഥം നാവിഗേറ്റ് ചെയ്യേണ്ടിവന്നു. കൊലയാളിയെ സ്വയം ഇരുട്ടിലേക്ക് കീഴടങ്ങാതെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ.
ഒരിക്കൽ നിഗൂഢതയിലും ഭയത്തിലും ആവരണം ചെയ്യപ്പെട്ടിരുന്ന നഗരം മെർസറും ലോസനും ചേർന്ന്

വെയിൽ പൊളിച്ച് അതിന്റെ നീചകമായ പദ്ധതികൾ തുറന്നുകാട്ടിയതോടെ നിഴലുകൾ നിന്ന് ഉയർന്നു വരാൻ തുടങ്ങി. നോയർ ഹേ വന്നിൽ പ്രഭാതം പൊട്ടിപ്പുറപ്പെട്ടപ്പോൾ തകർന്ന ഗൂഢാലോചനയുടെ

അവശിഷ്ടങ്ങൾക്കിടയിൽ നിന്ന്

അവരുടെ വിജയം നഗരത്തിന്റെ രഹസ്യങ്ങൾ മറച്ചുവെച്ച നിഴലുകൾ പോലെ നന്മയും തിന്മയും തമ്മിലുള്ള രേഖ വ്യക്തമാണെന്ന് തിരിച്ചറിഞ്ഞു.

**അഭിജിത്ത് 9 എച്ച്**



# കൈനീട്ടം

മലയാള വർഷം പിറന്ന ഒരു ദിവസം കുട്ടികൾക്ക് എല്ലാം ആനന്ദമാം ദിവസം ഫലങ്ങളും ധാന്യങ്ങളും നാണയങ്ങളും ഒരുക്കി വെക്കും ദിവസം നാനാഭാഗത്തുനിന്ന് പൈതങ്ങൾ പൊന്നൂടുപ്പിട്ട് കൊന്നമരത്തിന്റെ ശിഖരങ്ങളിൽ നിന്നും ശേഖരിച്ചു കൊന്നപ്പൂക്കൾ തൻ ശോഭ വർദ്ധിച്ച ദിവസം കിഴക്ക് നിന്ന് ശോഭയിൽ ഉതിരുന്ന സൂര്യനെ പോലെ അമ്മ കത്തിച്ചൊരു വിളക്കിൽ ദീപത്തിൻ കണി കാണാൻ എത്തും കുരുന്നുകൾക്ക് അച്ഛൻ തൻ സമ്മാനം കൈനീട്ടം പാടത്ത് കിളക്കുന്ന കോരന് സുദിനം കാരണവൻ തിരുകയിൽ നിന്നും കോരന് കൊടുക്കും പുതുവത്സരാശംസകളൊടെ കൈനീട്ടം

ഔഷ്മി ജി ജെ
9B

## ആദ്യത്തെഇലക്ട്രോണിക് ചിപ്പ്

തലച്ചോറിൽ ആദ്യത്തെ ഇലക്ട്രോണിക് ചിപ്പ്, മസ്കിന്റെ ആ സ്വപ്നം യാഥാർത്ഥ്യമായി, എന്താണ് ടെലപതി? മനുഷ്യന്റെ തലച്ചോറിൽ ശസ്ത്രക്രിയയിലൂടെ ആദ്യത്തെ ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച് ന്യൂറലിങ്ക്. ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള കമ്പനിയാണിത്. തലച്ചോറിൽ സ്ഥാപിക്കുന്ന സൂക്ഷ്മോപകരണമാണ് ഇംപ്ലാന്റ്. ഇതാണ് മനുഷ്യരിൽ ആദ്യമായി ഉപയോഗിച്ചിരിക്കുന്നത്.

മനുഷ്യ മസ്തിഷ്കത്തെ കംപ്യൂട്ടർ അധിഷ്ഠിത ഉപകരണങ്ങളുമായി ബന്ധിപ്പിച്ച കൊണ്ടുള്ള ബ്രെയിൻ കംപ്യൂട്ടർ ഇന്റർഫേസ് എന്ന ആശയത്തിലൂന്നിയാണ് ന്യൂറലിങ്ക് പ്രവർത്തിക്കുന്നത്. ഒരുനാണയത്തിന്റെ വലിപ്പമുള്ള ചിപ്പ് റോബോട്ടിന്റെ സഹായത്തോടെ തലയോട്ടിയിൽ ഘടിപ്പിച്ചിരിക്കുകയാണ്.

അതേസമയം ഒരു നാണയത്തിന്റെ വലിപ്പമാണ് ഈ ചിപ്പിനുള്ളത്. ഇതിൽ നിന്ന് തലച്ചോറിലേക്ക് പോകുന്ന ലോലമായ വയറുകളുണ്ടാവും. ബാഹ്യ ഉപകരണങ്ങളെ ആവശ്യാനുസരണം നിയന്ത്രിക്കാനാകുമെന്ന് തെളിയിച്ചിരിക്കുകയാണ് ന്യൂറലിങ്ക്. അതേസമയം ശസ്ത്രക്രിയക്ക് വിധേയനായ രോഗി സുഖം പ്രാപിച്ച് വരികയാണ്. മറ്റ് പ്രശ്നങ്ങളൊന്നുമില്ല.

പ്രാഥമിക ടെസ്റ്റുകളിൽ നിന്ന് ചിപ്പ് പ്രവർത്തിച്ച് തുടങ്ങിയതായിട്ടാണ് ന്യൂറലിങ്ക് പറയുന്നത്. യുഎസ്സ് അധികൃതർ മസ്കിന്റെ ബ്രെയിൻ ചിപ്പ് സ്റ്റാർട്ടപ്പിന് യുഎസ് അനുമതി നൽകിയിരുന്നു.

അതേസമയം ന്യൂറോലിങ്കിന്റെ ആദ്യത്തെ ഉൽപ്പന്നത്തെ ടെലിപതിയെന്നാണ് വിളിക്കുകയെന്ന് ഇലോൺ മസ്ക് വ്യക്തമാക്കി. മസ്തിഷ്കത്തിന് എന്തെങ്കിലും പ്രശ്നം വന്നാൽ ഇവ ഗുണം ചെയ്യും. കാരണം ശരീരത്തിന്റെ തളർച്ച മൂലം സ്മാർട്ട്ഫോൺ ഉപയോഗിക്കാൻ കഴിയാത്തവർക്ക് തലച്ചോറിന്റെ നിർദേശം സ്വീകരിക്കുന്ന ഉപകരണത്തിലൂടെ അത് സാധിക്കും.

ഇതുവഴി പക്ഷാഘാതം, അന്ധത അടക്കമുള്ള ഗുരുതരമായ അവസ്ഥകളെ നേരിടാൻ ബ്രെയിൻ ചിപ്പിന് സാധിക്കും. നിങ്ങളുടെ ചിന്തയിലൂടെ ഫോണോ കമ്പ്യൂട്ടറോ നിയന്ത്രിക്കാനുമാകും. കാലിന്റെ ചലനം നഷ്ടപ്പെട്ടവർക്കാണ് തുടക്കത്തിൽ ബ്രെയിൻ ഇംപ്ലാന്റ് ലഭിക്കുക.

കഴിഞ്ഞ ദിവസമാണ് ആദ്യമായി മനുഷ്യനിൽ ന്യൂറലിങ്ക ഇംപ്ലാന്റ് നടത്തിയത്. തലച്ചോറിൽ നിന്നുള്ള തരംഗങ്ങൾ പ്രാരംഭ ഫലമായി ലഭിക്കുന്നുണ്ടെന്നാണ് മസ്ക് അറിയിച്ചിരിക്കുന്നത്. മസ്കാണ് ന്യൂറോടെക്നോളജി കമ്പനിയുടെ സ്ഥാപകരിൽ ഒരാൾ. മസ്തിഷ്കവും കംപ്യൂട്ടറും തമ്മിലുള്ള നേരിട്ടുള്ള ആശയവിനിമയാണ് ബ്രെയിൻ ചിപ്പിലൂടെ ന്യൂറലിങ്ക് ലക്ഷ്യമിടുന്നത്. ശരീരത്തിന്റെ ഏതെങ്കിലും ഭാഗം തളർന്ന് പോയത് കൊണ്ട് എല്ലാം ഇല്ലാതാവില്ലെന്നും, അത്തരം ആളുകൾ സൂപ്പർ ചാർജ് നൽകുക. പാർക്കിൻസൺസ് പോലുള്ള ന്യൂറോളജിക്കൽ രോഗങ്ങൾ ചികിത്സിക്കുക എന്നിവയാണ് ചിപ്പിലൂടെ ലക്ഷ്യമിടുന്നത്.

**വസുദേവ് മാധവ് വി സി**

# സ്നേഹത്തിലാണ് വില

ഈ ലോകത്ത് എല്ലാവർക്കും ഉണ്ടാകും ഒരു സൂപ്പർഹീറോ
അതുപോലെ എനിക്കുമുണ്ട് അത് എൻ്റെ അച്ഛനാണ് എന്നും
എൻ്റെ താങ്ങായും തണലായും നിൽക്കുന്നത് എൻ്റെ
അച്ഛനാണ് ജീവിതത്തിൽ പല സാഹചര്യങ്ങൾ ഉണ്ടായിട്ടും
അതിനെല്ലാം ചിരിച്ചുകൊണ്ട് നേരിടുന്നതാണ് എൻ്റെ അച്ഛൻ
ഈ ലോകത്ത് അച്ഛനെക്കാൾ വലിയ പോരാളി മറ്റാരുമില്ല
എനിക്ക് ഈ ലോകത്ത് അച്ഛനെക്കാൾ വലിയവൻ ഉണ്ടെങ്കിൽ
അത് ദൈവമാണ് എൻ്റെ റോൾ മോഡൽ എന്ന് പറയുന്നത്
എൻ്റെ അച്ഛനാണ് എൻ്റെ പഠിത്തത്തിലായാലും എന്തിലും
വലിയ സപ്പോർട്ട് ആണ് അച്ഛൻ ഈ ലോകത്ത് ഒരുപാട്
പേർക്കച്ഛനില്ല അവർക്കാണ് ക്രൂടുതലായും അച്ഛൻ്റെ വില
മനസ്സിലാകുന്നത് അച്ഛനും അമ്മയും ഉണ്ട് എങ്കിൽ ഈ ലോകത്ത
ഭാഗ്യം ചെയ്തവർ നമ്മളായിരിക്കും പണത്തിൽ ഒന്നും കാര്യമില്ല
മാതാപിതാക്കളുടെ സ്നേഹത്തിലാണ് വില

ശിവാനി എട്ട് ജി

# മറക്കാനാകാത്ത ദിവസം

കൃഷ്ണ കളിച്ചു വളർന്ന വീടാണ് അവളുടെ വിദ്യാലയം  കൃഷ്ണയുടെ പാതി ജീവിതവും ജീവിച്ചത് അവളുടെ വിദ്യാലയത്തിലാണ് എന്നും രാവിലെ വിളിക്കുന്നത് പോലെ അമ്മ വിളിച്ചു  അവൾക്കു മടിയാണ് സ്കൂളിൽ പോകാൻ  അങ്ങനെ അവൾ കട്ടിലിൽ നിന്ന് എണീച്ച് അമ്മയുടെ അടുത്ത് ചെന്ന് നിന്ന് പറഞ്ഞു അമ്മേ ഞാനിന്ന് സ്കൂളിൽ പോകുന്നില്ല  എന്താ കാരണം ഇന്ന് ക്ലാസ് ടീച്ചർ വരില്ല  ഇന്ന് കൊണ്ടുപോകാനുള്ള ഭക്ഷണം എടുത്തുവച്ചു  ഇനി ഞാൻ എന്തു ചെയ്യും ഞാൻ പോകാം അങ്ങനെ അവൾ സ്കൂളിലേക്ക് പോകാൻ ഒരുങ്ങാൻ പോയി അവൾ സുന്ദരിയായി വന്നു  അവളോട് ചോദിച്ചു നീ ബാഗ് പുസ്തകങ്ങൾ എടുത്തുവെച്ചോ  അമ്മ എടുത്തുവച്ചു അവൾ ഭക്ഷണം കഴിച്ചു  കഴിഞ്ഞു അപ്പോഴാണ് അമ്മ പറഞ്ഞത് പുതിയ കളറുകൾ എടുത്തു വച്ചോ  കൃഷ്ണ പറഞ്ഞു  ഞാൻ പോയി അമ്മേ എന്നെ ഓർമ്മിപ്പിച്ചതിന് നന്ദി  അങ്ങനെ അവൾ കളർ എടുത്തു വന്നപ്പോൾ ബസെത്തി  അങ്ങനെ അവൾ സ്കൂളിൽ എത്തി. കുറച്ചു കഴിഞ്ഞപ്പോൾ ദിവസം തീരാറായി കൃഷ്ണ അവളുടെ കൂട്ടുകാരോട് സംസാരിക്കുകയായിരുന്നു അവൾ പറഞ്ഞു ഞാൻ ഇന്നത്തെ ദിവസം വന്നില്ലായിരുന്നുവെങ്കിൽ ഒരു നല്ല ദിവസം എനിക്ക് നഷ്ടപ്പെടുമായിരുന്നു എനിക്ക് ഇപ്പോൾ മനസ്സിലായി വിദ്യാലയം എന്നാൽ പഠിക്കാൻ ഉള്ളത് മാത്രമല്ല നമ്മുടെ രണ്ടാമത്തെ വീട് കൂടിയാണ് കൃഷ്ണ വീട്ടിലെത്തി അമ്മയോട് ഇന്ന് നടന്ന എല്ലാ കാര്യങ്ങളും പറഞ്ഞു. അപ്പോൾ അമ്മ പറഞ്ഞു ഇന്ന് നീ സ്കൂളിൽ പോയില്ലായിരുന്നുവെങ്കിൽ ഇന്നത്തെ സന്തോഷം എല്ലാം ആസ്വദിക്കാൻ പറ്റുമായിരുന്നു അങ്ങനെ ഇന്നത്തെ ദിവസം ഇവിടെ പൂർത്തിയായി

രേവതി എസ് ആർ 8 ഐ

# നിസ്വാർത്ഥ

ഒരിക്കൽ ഒരു കൊച്ചു പെൺകുട്ടി അബ്യൂർവമായ രക്ത സംബന്ധമായ അസുഖമായി ആശുപത്രിയിൽ ആയിരുന്നു. ഒരു രക്ത ദാതാവിനെ ആവശ്യമായിരുന്നു. പക്ഷേ ആ പെൺകുട്ടിയുടെ രക്തമായി ചേരുന്ന പൊരുത്തം കണ്ടെത്താനായില്ല. അവസാന ശ്രമം എന്ന നിലയിൽ അവളുടെ ആറ് വയസ്സുള്ള സഹോദരനെ ഒരു പരീക്ഷണമെന്നനിലയിൽ പരിശോധിച്ചു. എല്ലാവർക്കും ആശ്വാസമായി. കാരണം സഹോദരിയെ രക്ഷിക്കാൻ അവന് കഴിയുമായിരുന്നു. അമ്മയും ഡോക്ടറും കാര്യങ്ങൾ വിശദീകരിക്കാൻ ശ്രമിച്ചു. നിന്റെ സഹോദരി മരിക്കാതിരിക്കാൻ അവളെ രക്ഷിക്കാൻ നിന്റെ രക്തം അവൾക്ക് ആവശ്യമാണ് എന്ന് പറഞ്ഞു. അവൻ കുറച്ചുനേരം നിശബ്ദനായി എന്നിട്ട് അവന്റെ സമ്മതം അവരെ അറിയിച്ചു. അടുത്തദിവസം അമ്മയോടൊപ്പം ഡോക്ടറുടെ മുന്നിലിരുന്നു. സഹോദരിക്ക് ആവശ്യമുള്ളത് നൽകാൻ തയ്യാറാണ് എന്ന് പറഞ്ഞു. അവന്റെ സഹോദരി തളർന്നുകൊണ്ടിരിക്കുകയായിരുന്നു അവന്റെ സഹോദരിയുടെ അടുത്തുള്ള ഒരു കട്ടിലിൽ അവനെ കിടത്തി അങ്ങനെ ട്രാൻസ്ഫ്യൂഷൻ ആരംഭിച്ചു. പെട്ടെന്നുതന്നെ നിറവും ജീവിതവും വീണ്ടും ആ കൊച്ചു പെൺകുട്ടിയിലേക്ക് ഒഴുകാൻ തുടങ്ങി എല്ലാവരും ആഹ്ലാദതരായി. കുറച്ചു കഴിഞ്ഞ് അവളുടെ സഹോദരൻ നിശബ്ദമായി ഡോക്ടറോട് ചോദിച്ചു "ഞാൻ മരിക്കുന്നതിന് ഇനി എത്ര സമയം ബാക്കി ഉണ്ട്", തന്റെ രക്തം നൽകി അവൻ സ്വന്തം ജീവൻ നൽകുകയായിരുന്നു എന്ന് ആ കൊച്ചുമകൻ തന്റെ കൊച്ചുമനസ്സിൽ ചിന്തിച്ചു.

നിങ്ങളുടെ ജീവിതത്തിൽ അവസാനമായി നിങ്ങൾ ആരെയെങ്കിലും സഹായിച്ചത് എപ്പോഴാണ്. നിങ്ങൾ യഥാർത്ഥത്തിൽ നിസ്വാർത്ഥൻ ആയിരുന്ന അവസാന സമയം എപ്പോഴാണ്. നിങ്ങളുടെ ജീവിതം നിങ്ങൾ ശരിക്കും ജീവിച്ച അവസാന സമയം എപ്പോഴാണ്. നമ്മൾ എപ്പോഴും നിസ്വാർത്ഥമായി പ്രശ്നങ്ങൾ നേരിടണം. നമ്മളെ എല്ലാവരെയും സ്നേഹിക്കണം എപ്പോഴും ദയയും കരുണയും ഉള്ളവർ ആയിരിക്കണം പ്രശ്നങ്ങൾ വന്നാൽ പിന്നോട്ട് പോകാതെ ധൈര്യമായി അവയെ ജയിക്കാൻ നാം തയ്യാറാകണം. എങ്കിൽ നമുക്ക് ജീവിതത്തെ ജയിക്കാൻ കഴിയും.

ആർഷ 9 ബി

# മനസ്സിൽ പതിഞ്ഞത്

എൻറെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത യാത്ര ആറാം ക്ലാസ്സിൽ ഞാൻ പഠിക്കുമ്പോഴുള്ള ഒരു അനുഭവം നാലുമണിക്ക് രാവിലെ ഞാൻ യാത്ര തുടങ്ങി ഞാനും അമ്മയും അച്ഛനും ചേർന്നുള്ള യാത്ര തമിഴ്നാട്ടിലേക്ക് മനോഹരമായ ഒരു ട്രിപ്പ് നമ്മൾ ഒരു ടൂറിസ്റ്റ് ബസ്സിൽ കയറി യാത്ര തുടങ്ങി ആദ്യം പോയത് തൃപ്പരപ്പ് വെള്ളച്ചാട്ടം കാണാൻ ആരെയും കുളിരണിയിക്കുന്ന വെള്ളച്ചാട്ടം ആയിരുന്നു രണ്ടാമത് വട്ടക്കോട്ടയിൽ പോയി അവിടെ ചെന്ന് സ്ഥലം ഒരുപാട് ആസ്വദിച്ചു അവിടെനിന്ന് ജ്യൂസ് കുടിച്ചു അതിനുശേഷം അവിടെനിന്ന് ഒമ്പത് പത്തിന് മണിച്ചിത്രത്താഴ് സിനിമയെടുത്ത സ്ഥലത്ത് പോയി അവിടെ മനോഹരമായ പൂന്തോട്ടം ഉണ്ടായിരുന്നു അവിടെനിന്ന് സ്ഥലങ്ങൾ കണ്ടു കാരക്ക ഉപ്പിലിട്ടതും തട്ടി സൂര്യൻ അസ്തമിക്കുന്ന നേരമായി കന്യാകുമാരിയിലും പോയി അവിടെ നിന്നും സൂര്യാസ്തമനം നല്ലൊരു അനുഭവം തിരിച്ചിറങ്ങിയപ്പോൾ ഒരു എട്ടു മണിയാകും ഹോട്ടലിൽ കയറി നൂഡിൽസ് കഴിച്ചു കൊത്തു പൊറോട്ട തിന്നു ടൂറിസ്റ്റ് ബസ്സിൽ വച്ച് എന്നെ പാട്ടുപാടാൻ വിളിച്ചു ഞാൻ പോയില്ല അപ്പോൾ എൻറെ മനസ്സിൽ നാണമായിരുന്നു. അങ്ങനെ തിരിച്ചു മടങ്ങാൻ തുടങ്ങി വളരെ തണുപ്പ് ആ രാത്രി വീട്ടിലെത്തിയപ്പോൾ കൃത്യം 12:00 മണി ആ ദിവസം സുഖമായി ഉറങ്ങി ജീവിതത്തിൽ മറക്കാൻ പറ്റാത്ത അനുഭവം

ആവണി 8F

## ചന്തുവിന്റെ കുടുംബം

ഒരു ചെറിയ ഗ്രാമം അവിടെയുള്ളതിൽ വച്ച് ഏറ്റവും സമ്പന്നരായ കുടുംബമായിരുന്നു ചന്ദ്രന്റെ കുടുംബം അവർ അവിടെ നിറയെ കൃഷിയും ജോലികളും ചെയ്ത് സമ്പന്നരായി അവിടെയുള്ള പാവപ്പെട്ട ആളുകളുടെ ആവശ്യവും സഹായവും ചെയ്തുപോയി ചന്ദ്രൻ ഒരു പാവമായിരുന്നു അവിടെയുള്ളവരുടെ ദൈവമായിരുന്നു അങ്ങനെ കഴിഞ്ഞുപോകുമ്പോൾ അവിടെ ഒരു ഷൈലോക് എന്ന കള്ളനായ കച്ചവടക്കാരൻ അവിടെയുള്ളവരെ വഞ്ചിച്ചും കള്ളത്തരം പറഞ്ഞു കയ്യിലെടുത്തു ചന്ദ്രനെതിരെ പ്രവർത്തിച്ചു ചന്ദ്രൻറെ സ്വത്തും കയ്യിലെടുത്തു ചന്ദ്രനെയും കുടുംബത്തെയും ആ നാട്ടിൽ നിന്നും അടിച്ചിറക്കി വേറെ നാട്ടിലേക്ക് കടൽ കടത്തി അവിടെയുള്ളവരെ അടിമകളാക്കി ആ ക്രൂരൻ കഴിഞ്ഞുപോയി പത്തുവർഷം കഴിഞ്ഞു ചന്ദ്രന് ജോലി ചെയ്യാൻ വയ്യാതായി ഒരു ചെറിയ വീട്ടിൽ അവർ കഴിഞ്ഞു കുടുംബത്തിൻറെ എല്ലാ വിഷമങ്ങളും നടത്തുന്നത് ചന്ദ്രൻറെ മൂത്ത പുത്രനായ ചന്തുവാണ്. അവൻ രാത്രി എന്നും പകലെന്നും ഇല്ലാതെ അധ്വാനിച്ചു അവിടെയുള്ളതിൽ എല്ലാവരും സമ്പന്നരായി അവൻറെ അച്ഛനെ വഞ്ചിച്ച ക്രൂരനെ ഒന്ന് കാണണമെന്ന് ചന്തുവിന് തോന്നി അവൻ അവന്റെ നാട്ടിലേക്ക് അവൻറെ കുടുംബത്തിനെ കൂട്ടിപ്പോയി അവിടെയുള്ളവരെല്ലാം ചന്തുവിനെയും ചന്ദ്രനെയും കണ്ടു സന്തോഷവാരായി ഷൈലോക്കിന്റെ അടുത്തുപോയി അവൻറെ അച്ഛൻറെ സ്വത്തുക്കൾ എല്ലാം തിരിച്ചു പിടിച്ചു അവിടെയുള്ളവരെ അടുത്തുനിന്ന് രക്ഷിച്ചു

**യദു കൃഷ്ണൻ 8I**

# കോമഡി കാർണിവൽ

ചിരി ഏറ്റവും ഉയർന്ന  നാണയമായി കണക്കാക്കപ്പെട്ടിരുന്ന ചക്കിൾ വില്ലെ എന്ന വിചിത്രമായ പട്ടണത്തിൽ, ബെന്നി ജെസ്റ്റർ , മാ കപ്പ് ജെസ്റ്റർസൺ എന്നീ രണ്ട് വിചിത്ര സുഹൃത്തുക്കൾ താമസിച്ചിരുന്നു. അതിരു - കടന്ന കോമാളിത്തരങ്ങൾക്കും കോപം നിറഞ്ഞ നർമ്മബോധത്തിനും പേരുകേട്ട അവർ,  ഇതിനകം വിചിത്രമായ തങ്ങളുടെ സമൂഹത്തിന് കൂടുതൽ ഉല്ലാസം കൊണ്ടുവരാനുള്ള ഒരു അന്വേഷണത്തിൽ ഏർപ്പെടാൻ തീരുമാനിച്ചു .

അവരുടെ മഹത്തായ പദ്ധതി  ചക്കിൾ വില്ലെ കോമഡി കാർണിവൽ സംഘടിപ്പിക്കുക എന്നതായിരുന്നു , എല്ലാ തമാശകൾക്കും വേണ്ടിയുള്ള ഒരു ഉത്സവം . ബെന്നി , സ്ലാ പ്സ്റ്റിക്കിലും ശാരീരികമായും തൻ്റെ കഴിവ് കൊണ്ട് കോമഡി ഒപ്പം മാക്സ് തൻ്റെ ദ്രുത ബുദ്ധിയും സമർത്ഥമായ തന്ത്രം കൊണ്ടും അവൻ ആൾക്കാരെ സന്തോഷിപ്പിക്കുമായിരുന്നു.

അങ്ങനെ അവർ ആ പട്ടണത്തിലെ എല്ലാവരെയും സന്തോഷിപ്പിച്ച് ചിരി ഒരു ഔഷധമാണെന്ന് അവർ തെളിയിച്ചു .

അക്ഷയ് 9 H

# നല്ലൊരു യാത്ര

സാന്ദ്ര കൃഷ്ണ
അഞ്ച് ഇ

ഞാനും എൻറെ അച്ഛനും അമ്മയും ചേട്ടനും കൂടി ഒരു ദിവസം മൂന്നാറിൽ പോയി പോകുന്ന വഴിക്ക് കുറെ വെള്ളച്ചാട്ടങ്ങളും കാടുകളും മലകളും ഒക്കെ കണ്ടു നല്ല ഭംഗിയായിരുന്നു അത് കാണാൻ പോകുന്ന വഴിക്ക് എനിക്ക് വിഷമം അപ്പോൾ അച്ഛൻ പറഞ്ഞു ഒരു ഹോട്ടലിൽ കയറാമെന്ന് അങ്ങനെ ഹോട്ടലിൽ കയറി അവിടെ നിറയെ ആഹാരങ്ങളും മിഠായികളും ഒക്കെ ഉണ്ടായിരുന്നു ഞാൻ ആഹാരവും കഴിച്ച് കുറച്ചു മിഠായികളും വാങ്ങി യാത്ര തുടർന്നു രാത്രി ആയപ്പോഴാണ് മൂന്നാറിൽ എത്തിയത് നല്ല തണുപ്പായിരുന്നു അവിടെ. അപ്പോഴാണ് അവിടെവച്ച് അച്ഛൻറെ കൂട്ടുകാരന്മാരെ കണ്ടത് അപ്പോൾ ഞാനാണ് അച്ഛനെ അവർക്ക് കാണിച്ചുകൊടുത്തത് അങ്ങനെ ഞങ്ങൾ ഒരുമിച്ച് ഒരേ ഹോട്ടലിൽ റൂമെടുത്തു പിറന്നാൾ ആഘോഷിക്കാനാണ് അവിടെ പോയത് അങ്ങനെ പിറ്റേന്ന് രാവിലെ ആയപ്പോൾ ഞങ്ങൾ അച്ഛന്  പിറന്നാൾ ആശംസകൾ നേർന്നു അങ്ങനെ അവിടെ നിന്ന് ഞങ്ങൾ കുറെ സാധനങ്ങൾ വാങ്ങി വീട്ടിലേക്ക് മടങ്ങി അപ്പോഴും നല്ല തണുപ്പായിരുന്നു ഞാൻ മൂടിപ്പുതച്ചിരുന്നു. അവിടുന്ന് കുറേ മിഠായികൾ വാങ്ങി അതൊക്കെ ഞാൻ ആ വണ്ടിയിൽ ഇരുന്നു തിന്നു തുടങ്ങി എനിക്ക് യാത്ര വളരെ ഇഷ്ടമായി ഞാൻ പലപല നല്ല കാഴ്ചകളും കണ്ടു നല്ലൊരു യാത്ര

# സൂര്യകാന്തി

എത്രനാൾ കാത്തിരിക്കും
ഞാനെൻ കൂട്ടിൽ സ്നേഹമാം വെളിച്ചം
തേടുവാൻ എൻ ദിവാകരാ
നിൻ രശ്മി എൻ ശിരസ്സിൽ പതിക്കുവാൻ
അന്നു നീ ഇരുളിൻ വാതിൽ
എന്നെ തള്ളി നീക്കി മറഞ്ഞതും
ഓർക്കാ ഞാൻ
നിൻ രശ്മിക്കായി കാത്തിരിപ്പൂ
പാവം സൂര്യകാന്തി ഞാൻ
എന്തിനീ മുഖം മാറ്റി
എന്നെ തനിച്ചാക്കി പോക
നീ  മറയരുതേ നിൻ വിളിക്കായി
പാരിൽ ഞാൻ നിന്നെ
തേടി നിൽപ്പൂ ഞാൻ
എന്തിനെൻ സൂര്യകാന്തി
നീ എന്നോട് ഇത്ര അടുപ്പം കാട്ടുന്നു
സ്നേഹമേൽക്കാൻ വിധിയില്
ല നീ മറഞ്ഞു പോകുകയാം
നിൽക്കാ ദിവാകരൻ ഞാൻ
പറന്നു പോയൊരു  കിളികൾ പോൽ
പാറിപ്പറന്ന് നിൻ മനമാകെ മാറി മറിച്ചില്ലേ നീ



**റിയ ജോൺ 10എ**

# ഒരു
# ലിറ്റിൽകൈറ്റ്സ്
# അവതരണം

വി പി എസ് മലങ്കര എച്ച് എസ് എസ് വെങ്ങാനൂർ